ഉത്തരം

(എ) സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ ടെക്നോളജി അപ്ഗ്രേഡ് ചെയ്യുന്നതിനും, വികസനത്തിനുമായുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് കമ്പനി സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 770 ലക്ഷം രൂപ ചെലവുവരുന്ന ഈ പദ്ധതി വഴി കമ്പനിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും കൂട്ടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഈ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

പന്തളം മന്നം ഷുഗർ മില്ലിൽ പുതുതായി ആരംഭിക്കുന്ന ബ്ളെൻഡിംഗ് ആന്റ് ബോട്ടിലിംഗ് പ്ളാന്റിന്റെ പ്രവർത്തനങ്ങൾ

24 [3031] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മന്നം ഷുഗർ മില്ലിൽ പുതുതായി ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്ന ബ്ളെൻഡിംഗ് ആന്റ് ബോട്ടിലിംഗ് പ്ളാന്റിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വ്യവസായ വകുപ്പിന്റെ അനുമതിക്കായി പ്രസ്തുത പ്രോജക്ട് അയച്ചെങ്കിലും വ്യവസായ വകുപ്പ് ഇത് വേണ്ട രീതിയിൽ പരിഗണിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ വ്യവസായ സംരംഭങ്ങളെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) പന്തളം മന്നം ഷുഗർ മില്ലിൽ പുതുതായി ആരംഭിക്കുന്ന ഈ പദ്ധതി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഡി) പന്തളം മന്നം ഷുഗർ മില്ലിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ബ്ളെൻഡിംഗ് ആന്റ് ബോട്ടിലിംഗ് പ്ളാന്റിനെ സംബന്ധിച്ച പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് ജൂൺ മാസം 2-ാം വാരത്തിലാണ് സർക്കാരിൽ ലഭിച്ചത്. ഇത് പ്ളാനിംഗ് (ബി.പി.ഇ.), ധനകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പദ്ധതി എന്നു തുടങ്ങാൻ കഴിയും എന്ന് സൊസൈറ്റി ബോർഡാണ് തീരുമാനിക്കേണ്ടത്.

ട്രാവൻകൂർ ഷുഗേഴ്സും ചിറ്റൂർ ഷുഗർമില്ലും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി

25 [3032] ശ്രീ. എ. കെ. ബാലൻ:

" വി. കെ. ചന്ദ്രൻ:

" വി. ചെന്താമരാക്ഷൻ:

" രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിൽ വിദേശമദ്യം നിർമ്മിക്കുന്ന സംസ്ഥാനത്തെ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ബി) തിരുവല്ലയിലെ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിർമ്മിക്കുന്ന വിദേശമദ്യം ഏതെല്ലാമാണ്;

(സി) ഈ സ്ഥാപനത്തിൽ പ്രവർത്തിച്ചിരുന്ന ഡിസ്റ്റിലറികൾ ഇപ്പോൾ എന്തുകൊണ്ടാണ് പ്രവർത്തിക്കാത്തതെന്നു വ്യക്തമാക്കാമോ;

(ഡി) ചിറ്റൂർ ഷുഗർമിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച ചർച്ചകൾ എന്തെങ്കിലും സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ട്രാവൻകൂർ ഷുഗേഴ്സും ചിറ്റൂർ ഷുഗർമില്ലും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) ഇവയുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമേഖലയിൽ വിദേശമദ്യം നിർമ്മിക്കുന്ന സംസ്ഥാനത്തെ സ്ഥാപനം തിരുവല്ലയിലെ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് ആണ്.

(ബി) ട്രാവൻകൂർ ഷുഗേഴ്സിൽ നിർമ്മിക്കുന്ന വിദേശമദ്യം 'ജവാൻ ത്രീ എക്സ് റം' ആണ്.

(സി) അസംസ്കൃത വസ്തുവായ മൊളാസ്സസ്സിന്റെ അഭാവത്താലാണ് ഡിസ്റ്റിലറികൾ ഇപ്പോൾ പ്രവർത്തിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly